## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.3015 — 10-03-2017 -ൽ മറുപടിക്ക്

### ദുരന്ത നിവാരണസേന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഇ.കെ.വിജയൻ** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2016- ൽ കോഴിക്കോട് ജില്ലയിലെ പശുക്കടവിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സ്ഥലത്ത് ദുരന്തം ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ: | എ) | 2016-ൽ കോഴിക്കോട് ജില്ലയിലെ പശുക്കടവിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സ്ഥലത്ത് ദുരന്തം ആവർത്തിക്കാതിരിക്കാൻ ഹൈസ്കൂൾ തലങ്ങളിലേയും ഹയർ സെക്കണ്ടറി തലങ്ങളിലേയും കോളേജ്തലങ്ങളിലേയും വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് സ്റ്റുഡൻസ് ഡിസാസ്റ്റർ വിങ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ മുന്നോടിയായി കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ സ്റ്റുഡൻസ് റാപ്പിഡ് റെസ്പോൺസ് ഫോഴ്സ് രൂപീകരിക്കുകയും. കുട്ടികൾക്ക് ദുരന്ത നിവാരണത്തിനുള്ള പരിശീലനം നൽകി വരുകയും ചെയ്യുന്നു. കൂടാതെ ദുരന്ത നിവാരണത്തിന് സന്നദ്ധരായ പ്രാദേശിക ജനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കി പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകി ദുരന്ത ബാധിത പ്രദേശങ്ങളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും. ജില്ലാ പോലീസും. ഫയർ & റസ്ക്യൂ സർവീസുമായി സഹകരിച്ച മോക്ക് ഡ്രില്ലും ബോധവൽക്കരണ ക്ലാസുകളും എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ: | ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് ദുരന്ത നിവാരണസേന എവിടെയൊക്കെയാണുള്ളതെന്ന് വിശദമാക്കാമോ ? | സി) | സ.ഉ(കൈ) നം.262/2012/ആഭ്യന്തരം തീയതി 17.10.2012 പ്രകാരം 100 അംഗങ്ങളുള്ള സംസ്ഥാന ദുരന്ത നിവാരണ സേന (SDRF) രൂപീകരിച്ച സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇപ്പോൾ പാണ്ടിക്കാട് ആർ.ആർ.ആർ.എഫ് ബറ്റാലിയനിലെ ഡിസാസ്റ്റർ റെസ്പോൺസ് ടീം. ദുരന്ത നിവാരണ സേനക്ക വേണ്ടി ചുമതലകൾ നിർവ്വഹിക്കുന്നു. പാണ്ടിക്കാട് ആർ.ആർ.ആർ.എഫ് ബറ്റാലിയനിലെ തിരുവനന്തപുരം വിങ്, എറണാകുളം വിങ്, തൃശ്ശൂർ വിങ്, കണ്ണൂർ വിങ് എന്നിവിടങ്ങളിൽ ആർ.ആർ.ആർ.എഫ്. ഡിസാസ്റ്റർ റെസ്പോൺസ് ടീം പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ